# ‘ക്രിസ്തുവിൽ അധിഷ്ഠിതമായ ജീവിതം’

## 1 പത്രോസ് 2:11,12

“പ്രിയമുള്ളവരേ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിക്കുന്നേതാറും നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു സന്ദർശനദിവസത്തിൽ, ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്നു അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പുക്കുന്നു.”

അദ്ധ്യായം 2 ന്റെ 11–ാ൦ വാക്യത്തിൽ നാം കാണുന്നു, ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു വെറും പ്രവാസികളും പരദേശികളുമായി ഈ ലോകത്തിൽ വാഴുവാൻ പത്രോസ് ആഹ്വാനം ചെയ്യുന്നു. എന്നാൽ 12–ാ൦ വാക്യത്തിൽ പറയുന്നു ജാതികളുടെ മുൻപാകെ നമ്മുടെ നടപ്പിനെ ക്രമീകരിച്ച് നല്ലൊരു ജീവിതം കാഴ്ചവെയ്ക്കുവാൻ. അത് നമ്മുടെ ലാഭേച്ഛക്കു വേണ്ടിയല്ല മറിച്ചോ ദൈവത്തിന്റെ സന്ദർശനദിവസത്തിൽ ഈ അവിശ്വാസികളുടെ ഗണം ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്നു വേണ്ടി മാത്രമാകുന്നു.

പ്രിയമുള്ളവരെ, നാം നമ്മുടെ ദൈനംദിന ജീവിതത്തിൽ ദൈവത്തോട് കൂടുതൽ അടുക്കാൻ വെമ്പൽകൊണ്ട് നമ്മെ തന്നെ അതിനായി ഒരുക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ അതു ഒരുപക്ഷെ നാം നമ്മുടെ കുടുംബത്തിലോ അല്ലെങ്കിൽ കൂട്ടയ്മ അനുഭവത്തിലോ മാത്രം ഒതുക്കി നിർത്തുന്നവരാണോ? എങ്കിൽ നമുക്ക് തെറ്റി. കാരണം വാസ്തവത്തിൽ നാം ദൈവമക്കൾ എന്നു അറിയേണ്ടതും നമ്മുടെ ജീവിതം കണ്ട് അതിൽ നിന്ന് ഈ ദൈവത്തെ അറിയേണ്ടതും അവിശ്വാസികളായ നമുക്ക് ചുറ്റുമുള്ള സമൂഹമാണ്. ഒരു പക്ഷെ നാം ദൈവഹിതപ്രകാരം ജീവിക്കുമ്പോൾ, അതു ലോകനിയമപ്രകാരം, ലോകക്കാർക്ക് പലതും ദഹിക്കാതെ വന്നെന്നിരിക്കും. എന്നാൽ അവിടെ നമ്മുടെ കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു വചനഭാഗമുണ്ട്. അതിപ്രകാരം യോഹന്നാന്റെ സുവിശേഷത്തിൽ നമുക്ക് വായിക്കാം.

യോഹന്നാൻ 15:18–19 “ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ അതു നിങ്ങൾക്കു മുമ്പെ എന്നെ പകെച്ചിരിക്കുന്നു എന്നു അറിവിൻ. നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ പകെക്കുന്നു.’’

അവിശ്വാസികളുടെ മദ്ധ്യത്തിൽ നാം നമ്മുടെ കർത്തവിന്റെ പാത പിന്തുടർന്ന് അവനോടൊപ്പമുള്ള ഒരു ജീവിതം നയിക്കുമ്പോൾ അല്ലെങ്കിൽ ഏവരോടും വലിയ സ്നേഹത്തിൽ ആയിരിക്കുമ്പോൾ അതിൻ ഫലമായി നമുക്ക് അവരിൽ നിന്നു ചില ആത്മാക്കളെ കർത്താവിലേക്ക് നയിക്കാനാകും. അങ്ങനെയാകുമ്പോൾ അന്ത്യകാലത്ത് കർത്താവിന്റെ വരവിൽ അവനെ മഹത്വപ്പെടുത്തുന്നതിനു വേണ്ടി അവരെ ഒരുക്കുവാൻ സാധിക്കും.

ഇവിടെയാണ് നാം ഒരു കാര്യം വളരെ ഗൗരവമായി ആലോചിക്കേണ്ടത്. നാം ഇന്നു വാസ്തവമായി കർത്താവിനു അനുരൂപരായാണോ ജീവിക്കുന്നത്, അതോ ലോകത്തിനനുരൂപമാണോ നമ്മുടെ ജീവിതം? ഒരിക്കലായിട്ട് നാം കർത്താവിൽ ജീവിക്കുകയും എന്നാൽ പാതിവഴി തെറ്റിപ്പോകുന്ന ഒരു അവസ്ഥയാണോ നമ്മുടെ ജീവിതത്തിൽ? നമ്മുടെ ജീവിതത്തിൽ പലതവണ പല തരത്തിൽ തെറ്റിപ്പോകാവുന്ന അവസ്ഥകളുണ്ട്. എന്നാൽ അവിടെ നമ്മുടെ കർത്താവ് മഹാദയാലുവും മഹാകാരുണ്യവാനുമാണെന്ന് യോഹന്നാൻ നമ്മെ കാണിച്ചു തരുന്നു. നാം നമ്മുടെ പാപം അവനോട് ഏറ്റുപറയുന്നു എങ്കിൽ അവൻ തീർച്ചയായും അതു ക്ഷമിക്കും.

ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

1 യോഹന്നാൻ 1:9

“നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു’’

ബ്രദർ ബിനു ബേബി ആലപ്പുഴ 043